പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789 06.03.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

ചോദ്യം
ശ്രീ. മുഹമ്മദ് മുഹസിൻ പി.

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ ഓടിയിരുന്ന കെ.എസ്. ആർ.ടി.സി ബസ്സുകൾ (പാലക്കാട്- പട്ടാമ്പി -മുതുതല-കാടാമ്പുഴ, പൊന്നാനി-പള്ളിപ്പുറം അടക്കമുള്ള പ്രദേശങ്ങളിലെ യാത്രക്കാർ ഏറെ ആശ്രയിച്ചിരുന്ന) നിർത്തലാക്കിയത് ശ്രദ്ധയിൽ പ്പെട്ടിരുന്നുവോ; ഇവ പുന:സ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | പട്ടാമ്പി മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ ഓടിയിരുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വരുമാനം കുറവുള്ള സർവ്വീസുകളായതിനാൽ പുന:സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി യിൽ ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ വിവിധ തസ്തികകളിലായി മൊത്തം 1157 ജീവനക്കാരുടെ ഒഴിവുകൾ ഉണ്ട്.<br>ജൂനിയർ അസിസ്റ്റന്റ് - 209 NJD ഒഴിവുകൾ,<br>ടൈപ്പിസ്റ്റ് - 28 NJD ഒഴിവുകൾ,<br>അസിസ്റ്റന്റ്ഡിപ്പോ എഞ്ചീനിയർ-3 ഒഴിവുകൾ<br>മെക്കാനിക്ക് - 86 ഒഴിവുകൾ,<br>ബ്ലാക് സ്മിത്ത് - 1 NJD ഒഴിവ് |

| | | | |
|---|---|---|---|
| | | | പെയിന്റർ -1 പുതിയ ഒഴിവ്,<br>സ്റ്റോർ ഇഷ്യുവർ - 16 ഒഴിവുകൾ,<br>അസിസ്റ്റന്റ് സ്റ്റോർ കീപ്പർ - 28 ഒഴിവുകൾ<br>പ്യൂൺ - 38 ഒഴിവുകൾ,<br>ഗാർഡ് - 183 ഒഴിവുകൾ,<br>കണ്ടക്ടർ - കണ്ടക്ടർ വിഭാഗത്തിൽ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 522 എണ്ണം കൂടി നിയമനം നൽകാനായി അവശേഷിക്കുന്നുണ്ട്.<br>ഡ്രൈവർ - ഡ്രൈവർ വിഭാഗത്തിൽ 42 NJD ഒഴിവുകൾ ഉണ്ട്. |
| (സി) | നിരവധി ബസ്സുകൾ സർവ്വീസ് നടത്തുന്ന പട്ടാമ്പി കെ.എസ്.ആർ.ടി.സി യ്ക്ക് ഒരു ബസ് സ്റ്റാന്റോ സംവിധാനങ്ങളോ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>പട്ടാമ്പിയിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു സ്റ്റേഷൻമാസ്റ്റർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**